LIBRARY ARCHIVES Kerala Legislative Assembly

സംഘടനകൾക്ക് വനം വകുപ്പിൽനിന്നും ധനസഹായം

129 [2099] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവും പരിസ്ഥിതിയും സംരക്ഷിക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന സംഘടനകൾക്ക് വനം വകുപ്പിൽ നിന്നും ധനസഹായം നൽകാറുണ്ടോ; എങ്കിൽ 2003-2004 സാമ്പത്തിക വർഷത്തിൽ ഇത്തരം സംഘടനകൾക്ക് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇങ്ങനെ ആനുകൂല്യം ലഭിച്ച സംഘടനകളുടെ ലിസ്റ്റ് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വനവും പരിസ്ഥിതിയും സംരക്ഷിക്കുക എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന സംഘടനകൾക്ക് വനംവകുപ്പിൽ നിന്നും ധനസഹായം നൽകാനുള്ള പ്രത്യേക പരിപാടികളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല. എന്നാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ അഫോറസ്റ്റേഷൻ ആന്റ് ഇക്കോഡെവലപ്മെന്റ് ബോർഡ് ഇത്തരം സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കുള്ള ഒരു പരിപാടി പത്താം പഞ്ചവൽസര കാലയളവിലേക്ക് ആവിഷ്ക്കരിച്ചിട്ടുണ്ട്. ടി പദ്ധതിയിലേക്കായി സാമൂഹ്യ വനവൽക്കരണ വിഭാഗം 2003 മാർച്ച് മാസത്തിൽ രണ്ട് സംഘടനകളുടെ അപേക്ഷകൾ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. ആയതിൻമേൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. 2004-2005 വർഷത്തിൽ ടി പരിപാടിയിലേക്ക് നിരവധി സന്നദ്ധസംഘടനകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധിച്ച് കേന്ദ്രസർക്കാരിലേക്ക് ശുപാർശ ചെയ്ത് അയയ്ക്കുവാനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വനവൽക്കരണത്തിനായി ലോകബാങ്കിൽനിന്നും ലഭിച്ച ധനസഹായം

130 [2100] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിനായി ലോകബാങ്കിൽനിന്നും എന്ത് തുകയുടെ ധനസഹായമാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ലോകബാങ്ക് സഹായത്തോടെ എത്ര ഏക്കർ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വനവൽക്കരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?